പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5375

5.7.2012 ൽ
മറുപടിയ്ക്ക്

കോഴിക്കോട് സൈബർപാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് സൈബർപാർക്കിന്റെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ എന്തൊക്കെയാണ് ; വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ എന്തെല്ലാം കാര്യങ്ങൾക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കപ്പെട്ടിട്ടുണ്ട് ; അവ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വ്യക്തമാക്കാമോ ; | എ) കോഴിക്കോട് സൈബർപാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.<br><br>2.87 കോടി രൂപ ചെലവിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 80 ശതമാനം പൂർത്തീകരിച്ചു. എയർക്കണ്ടീഷനിംഗ് ആന്റ് ലാന്റ് സ്കേപ്പിംഗ് പ്രവർത്തികൾക്കുള്ള ടെണ്ടർ തയ്യാറാക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്.<br><br>ഏകദേശം 37.21 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന 2,70,000 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന ആദ്യ ഐ.ടി. കെട്ടിടത്തിന്റെ ടെണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>20 കോടി രൂപ ചെലവ് വരുന്ന പാർക്കിലേയ്ക്കുള്ള റോഡിന്റെയും ചുറ്റുമതിലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>വെള്ളം ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ 97 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യുകയും 50000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. അതിലേയ്ക്കായുള്ള പൈപ്പ് കണക്ഷന്റെ പ്രവർത്തി പുരോഗമിച്ചുവരുന്നു.<br><br>വൈദ്യുതി വിതരണ ലൈസൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. സൈബർപാർക്ക് കാമ്പസിൽ ഒരു മെയിൻ സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കുള്ള incoming power കെ.എസ്.ഇ.ബി. യുടെ 66 കെ.വി. ലൈനിൽനിന്നും tap ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ കൂടുതൽ തുക കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) | 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇപ്പോൾ നടന്നുവരുന്ന പ്രവർത്തികൾക്ക് പര്യാപ്തമാണ്. |
| സി) | സൈബർ പാർക്കിൽ ലഭ്യമായതും പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുള്ളതുമായ മൊത്തം ഭൂമിയെത്രയാണ് ; എത്ര ഭൂമിയിൽ സർക്കാർ നേരിട്ടും അല്ലാതെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട് ; നിർമ്മാണം പൂർത്തിയാകുന്ന കെട്ടിടത്തിലേക്ക് ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | സി) | കോഴിക്കോട് സൈബർപാർക്കിന് വേണ്ടി 41.89 ഏക്കർ ഭൂമി ലഭ്യമായിട്ടുള്ളതിൽ 25 ഏക്കർ ഭൂമിക്ക് സെസ്സ് പദവി ലഭിച്ചു.<br><br>നാലര ഏക്കറോളം ഭൂമിയിൽ 2,70,000 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടവും 70 സെന്റ് സ്ഥലത്ത് കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടവും നിർമ്മിക്കുന്നത് സൈബർപാർക്ക് നേരിട്ടാണ്. ഐ.ടി. പാർക്കുകളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ സർക്കാർ നേരിട്ടുള്ള യാതൊരു മേൽനോട്ടവും വഹിക്കുന്നില്ല.<br><br>സൈബർപാർക്കിൽ ഐ.ടി. കമ്പനികൾ നിക്ഷേപം നടത്താൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ മാത്രമെ മാർക്കറ്റിംഗിൽ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Rahul. K. Jaiswal

സെക്ഷൻ ഓഫീസർ